# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണറായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1986/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണറായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1986/2023 തീയ്യതി: 26/12/2023

## കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2023 മുതൽ 14-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയരക്ടർ | 15-12-2023 | 22-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2023 | 22-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ എൻ എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷിജില വി ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഖില എ എം,ഓഡിറ്റർ
ശ്രീ.ഗോകുൽ ഡി കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.രാജീവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സജീവൻ.സി.പി | സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.രാജീവൻ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2022 | 30-11-2022 |
| ശ്രീ.സജീവൻ.സി.പി | സെക്രട്ടറി | 01-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈന വൽസൻ .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 06-10-2022 |
| ശ്രീ.പ്രമോദ്.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2022 | 31-03-2023 |
| ശ്രീ.അജീഷ് .വി വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവൻ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.രസില.ആർ | വി.ഇ.ഒ(പിണറായി സർക്കിൾ) | 01-04-2022 | 25-10-2022 |
| ശ്രീ.സിനൂപ്.സി.വി | വി.ഇ.ഒ(പിണറായി സർക്കിൾ) | 26-10-2022 | 31-03-2023 |
| ശ്രീമതി.സുമിത.വി | വി.ഇ.ഒ(എരുവട്ടി സർക്കിൾ) | 01-04-2022 | 31-03-2023 |
| ഡോ.ഷൈന. വി.പി.വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഡിജോ ജോസ് എം | മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 01-04-2022 | 31-03-2023 |
| ഡോ.ശബരീനാഥ്.വി.ആർ | വെറ്റിനറി സർജൻ | 01-04-2022 | 02-12-2022 |
| ഡോ.പ്രീതം ലാൽ | വെറ്റിനറി സർജൻ | 03-12-2022 | 14-02-2023 |
| ഡോ.ദിൽന.കെ.പി | വെറ്റിനറി സർജൻ | 15-02-2023 | 31-03-2023 |
| ശ്രീമതി.രജനി.എം.വി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജീവ.എം.പി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രവീണ.കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സരിത.കെ.വി | അസിസ്റ്റന്റ് ഫിഷറീസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻഓഫീസർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക ധനകാര്യ പത്രികയോടൊപ്പം ഉള്‍പ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക | 1-1-2 |
| 4 | വാര്‍ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തില്‍ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശിര്‍ഷകത്തില്‍ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-4 |
| 6 | സംയുക്ത പ്രൊജക്ടുകള്‍ക്കുള്ള ഫണ്ട് - നീക്കിയരിപ്പ് തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല. | 1-1-5 |
| 7 | ബാധ്യത ഇല്ലാതിരുന്നിട്ടും ജി ഒ പ്രൊജക്ട് മുഖേന തുക കുറവ് വരുത്തി. | 1-1-6 |
| 8 | ചെലവഴിക്കാന്‍ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അഡ്വാന്‍സ് നല്‍കിയതിന്റെ വിശദാംശം ലഭ്യമല്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 16 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 17 | ഗ്രാമസഭ | 1-9 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 19 | വസ്തു നികുതി - ഉയര്‍ന്നതരം തറനിര്‍മ്മിതിക്കു ബാധകമായ 15% നികുതി വര്‍ദ്ധനവ് ഡിമാന്‍ഡ് ചെയ്യുന്നില്ല. | 1-11 |
| 20 | ഗ്രാമ പഞ്ചായത്ത് പരിധിയിലെ ജിംനേഷ്യങ്ങള്‍ ലൈസന്‍സ് ഇല്ലാതെ പ്രവര്‍ത്തിക്കുന്നു | 1-12 |
| 21 | കെട്ടിടങ്ങളുടെ കൂട്ടിച്ചേര്‍ക്കല്‍ - തുടര്‍നടപടികള്‍ സ്വീകരിക്കുന്നതില്‍ കാലതാമസം | 1-13 |
| 22 | വ്യാപാര സ്ഥാപനങ്ങളിലെ മുഴുവന്‍ ജീവനക്കാരില്‍ നിന്നും തൊഴില്‍നികുതി ഈടാക്കുന്നില്ല | 1-14 |

| | | |
|---|---|---|
| 23 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല | 1-15 |
| 24 | തനത് വരുമാനം- പൊതു അവലോകനം | 1-16 |
| 25 | ബാലസഭാ പ്രവർത്തനങ്ങൾ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - ₹39,500 - യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | സ്മാർട്ട് ഐ-ഫേസ് 1 - രേഖകൾ ഹാജരാക്കിയില്ല. ₹177000 തടസ്സപ്പെടുത്തുന്നു. | 1-18 |
| 27 | എസ്.എസ്.എ. വിഹിതം കൈമാറൽ - 1352959 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | ഡ്രൈവർ- ദൈനംദിന ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് യാത്രാ ബത്ത അനുവദിക്കുന്നത് -ഒഴിവാക്കേണ്ടതാണ്. | 1-20 |
| 29 | കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിന് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 30 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല. | 1-22 |
| 31 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- അധികം അനുവദിച്ച ₹22349 ചെലവ് നിരാകരിക്കുന്നു. | 1-23 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്താവിന് അർഹമായ ധനസഹായം ലഭ്യമാക്കിയില്ല | 1-24 |
| 33 | പി.എം.എ.വൈ വിഹിതം നൽകൽ -വിനിയോസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 34 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 35 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-27 |
| 36 | സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 24200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 37 | കേരളോത്സവം-സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല - 96561 രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 38 | അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി-വിശദവിവരം ലഭ്യമാക്കിയില്ല - 95800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-30 |
| 39 | വാസയേഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായില്ല | 1-31 |
| 40 | ഞങ്ങളും കൃഷിയിലേക്ക്- ചങ്ങാത്ത നെൽ കൃഷി - രേഖകൾ ലഭ്യമാക്കേണ്ടതാണ്- 24450/ രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 41 | സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ) ജനറൽ പദ്ധതി നടത്തിപ്പ് അപാകങ്ങൾ | 1-33 |

| | | |
|---|---|---|
| 42 | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ-രേഖകൾ ഹാജരാക്കിയില്ല-₹65400 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 43 | തെങ്ങിന് ചെന്നീരൊലിപ്പ് രോഗത്തിനെതിരെ പ്രതിരോധപ്രവർത്തനം -രേഖകൾ ലഭ്യമാക്കിയില്ല. ₹18630 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 44 | പദ്ധതി നിർവ്വഹണം- രേഖകൾ ലഭ്യമാക്കിയില്ല- 563050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 45 | ചോളം കൃഷി പ്രോത്സാഹനം -രേഖകൾ ലഭ്യമാക്കിയില്ല. ₹20000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 46 | പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചതിന് തുക കൈമാറൽ- ബില്ലിൽ നിന്നും ആദായനികുതി കുറവ് വരുത്തിയിട്ടില്ല | 1-38 |
| 47 | ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ-തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല-₹566808 തടസ്സപ്പെടുത്തുന്നു. | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- അധികം അനുവദിച്ച ₹22349 ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4--1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 തീയതിയിലെ 06/186/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 11.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പിണറായി ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,<br>26.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലീകമാക്കിയിട്ടില്ല.

### 1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശിർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

189 /23, കണ്ണൂർ ഫൈറ്റ് കാൻസർ എന്ന പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ ₹10500 യുടെ ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-5 സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് - നീക്കിയരിപ്പ് തുക സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

B4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി കിട്ടിയ തുകയിൽ മുൻവർഷത്തെ ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുള്ളതും തൻവർഷം നീക്കിയിരിപ്പായി തുടരുന്നതുമായ തുക ഏതാവശ്യത്തിനായി ലഭിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല.

### 1-1-6 ബാധ്യത ഇല്ലാതിരുന്നിട്ടും ജി ഒ പ്രൊജക്ട് മുഖേന തുക കുറവ് വരുത്തി.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ലോൺ തിരിച്ചടക്കാനുള്ള ബാധ്യത ഇല്ലാതിരുന്നിട്ടും തൻവർഷം ജി ഒ പ്രൊജക്ട് മുഖാന്തിരം ₹146472 തിരിച്ചടച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

സംയുക്ത പ്രൊജക്ടിനുള്ള (പ്രൊജക്ട് നം 278/2023) ധനകാര്യ കമ്മീഷൻ അവാർഡ് വിഹിതമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച ₹700000 ധനകാര്യ കമ്മീഷൻ അവാർഡുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വന്നതിനാൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ ₹2935493 ബി 4 ഷെഡ്യൂളിലെ ധനകാര്യ കമ്മീഷൻ അവാർഡ് നീക്കിയിരിപ്പ് തുകയായ ₹2235493 യുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 അഡ്വാൻസ് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2011-12 വർഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ച 7000 രൂപ നാളിതുവരെ ക്രമീകരിക്കാതെ വന്നതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-2 ബജറ്റ്

പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ 137/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13.03.2023 തീയതിയിലെ 73/23നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12287523 | 12287523 |
| വരവ് | 427161800 | 583076765 |
| ആകെ | 439449323 | 595364288 |
| ചെലവ് | 436446545 | 591667045 |
| നീക്കിയിരിപ്പ് | 3002778 | 3697243 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,81,38,839 |
| വരവ് | ₹5,86,85,450 |

| | |
|---|---|
| ആകെ | ₹9,68,24,289 |
| ചെലവ് | ₹4,83,25,634 |
| നീക്കിയിരിപ്പ് | ₹4,84,98,655 |
| വരവിനങ്ങളിലുള്ള നഷ്ടം | (*) |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹22,349 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹3214358 |

(*)ഓഡിറ്റ് എൻക്വയറി(നം.3/16-12-23) നല്കിയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിൽ ₹9709/ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചു.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 27830250 +1576800= 29407050 | 29407050 | 28696951 | 710099 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 1272025 | 1272025 | 1272025 | 0 |
| മെയിന്റനൻസ് റോഡ് | | 0 | 8198000 | 8198000 | 6537289 | 1660711 |
| മെയിന്റനൻസ് നോൺ റോഡ് | | 0 | 6432000 | 6432000 | 4395939 | 2036061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 4231052 | 5853000 | 10084052 | 7857956 | 2226096 |
| | ട്രഷറി | 0 | 1481157 | 1481157 | 268171 | 1212986 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബാങ്ക് | 351141 | 4129281 | 4480422 | 4471025 | 9397 |
| | ട്രഷറി | 0 | 344444 | 344444 | 308627 | 35817 |

| | | | | | |
|---|---|---|---|---|---|
| എം.പി ഫണ്ട് | 9289 | 0 | 9289 | 0 | 9289 |
| അംഗൻവാടി പോഷകാഹാരം | 580487 | 2096400 | 2676887 | 1800000 | 876887 |
| എം ജി എൻ ആർ ഇ ജി എസ് | 1906 | 370618 | 372524 | 369930 | 2594 |
| TSC Fund | 315494 | 31244 | 346738 | 0 | 346738 |
| ആർ എസ് ബി വൈ | 23606 | 0 | 23606 | 0 | 23606 |
| സാക്ഷരത | 12458 | 400 | 12858 | 0 | 12858 |
| ബി ആർ സി ഫണ്ട് | 20000 | 0 | 20000 | 0 | 20000 |
| ശുചിത്വ മിഷൻ ഫണ്ട് | 1186791 | 12000 | 1198791 | 917256 | 281535 |
| ഇ എം എസ് ഭവനപദ്ധതി | 255000 | 0 | 255000 | 0 | 255000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ-മറ്റ് സർക്കാർ ഏജൻസീസ് | 1236467 | 341625 | 1578092 | 1151313 | 426779 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| വിമുക്തി | 25330 | 0 | 25330 | 11205 | 14125 |
| ഹെൽത്ത് ഗ്രാന്റ്(ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ടു പി എച് സി | 0 | 421182 | 421182 | 0 | 421182 |
| ഹെൽത്ത് ഗ്രാന്റ്(കൺവേർഷൻ ഓഫ് പി എച് സി & സബ്സെന്റേർസ്) | 0 | 246648 | 246648 | 0 | 246648 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | പൂർത്തീ കരിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കാത്ത പദ്ധതി കളുടെ എണ്ണം | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|---|
| 236 | 275486874 | 174 | 115 | 149177241 | 59 | 62 | 48.73 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവ ഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 44 | 24 | 169793604 | 89616829 | 52.8 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 2333691 | 1618623 | 69.3 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 46 | 45463891 | 23077703 | 50.76 |
| 4 | കൃഷി ഓഫീസർ | 14 | 12 | 4198590 | 3075519 | 73.25 |
| 5 | വി.ഇ.ഒ. എരുവട്ടി&വി.ഇ.ഒ. പിണറായി | 41 | 37 | 30501730 | 15626822 | 51.23 |
| 6 | മെഡിക്കൽ ഓഫീസർ PHC | 8 | 5 | 3113999 | 1415905 | 45.46 |
| 7 | മെഡിക്കൽ ഓഫീസർ GAD | 6 | 6 | 1681000 | 1652677 | 98.3 |
| 8 | വെറ്റിനറി സർജൻ | 11 | 10 | 2886452 | 1574917 | 54.56 |
| 9 | ICDS സൂപ്പർവൈസർ | 19 | 19 | 11241085 | 9192524 | 81.8 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2200000 | 1110280 | 50.46 |
| 11 | ഹെഡ് മാസ്റ്റർ | 9 | 2 | 900800 | 192451 | 21.36 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 1172032 | 1022991 | 87.28 |
| | ആകെ | 236 | 174 | 275486874 | 149177241 | 54.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 1906 | 370618 | 372524 | 369930 | 2594 |
| തൊഴിൽകൂലി | - | 33942700 | 33942700 | 33942700 | - |
| ആകെ | 1906 | 34313318 | 34315224 | 34312630 | 2594 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 409 | 6318400 |
| വിധവാ പെൻഷൻ | 1251 | 17049000 |
| വാർദ്ധക്യകാല പെൻഷൻ | 3470 | 42169300 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 374 | 5421600 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 383 | 5151600 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2023 ന് 10.30 എ.എം സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 27,517/രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 05/22(പദ്ധതി രൂപീകരണ ഗ്രാമസഭ), 08/22, 12/22, 01/23 മാസങ്ങളിലായി 4 വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് , വികസന രേഖ അംഗീകരിക്കൽ, 2021-22 ലെ ഗുണഭോക്തൃപട്ടിക സാധൂകരണം, വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കൽ, വാതിൽപ്പടി സേവന പദ്ധതി അവലോകനം, 2022-23 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, മഴക്കാല പൂർവ്വ ശുചീകരണം, ഹരിത കർമ്മസേന പ്രവർത്തനാവലോകനം, സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം, ലൈഫ് 2020 അന്തിമ മുൻഗണനാ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജി ഐ എസ് ആക്ഷൻ പ്ലാൻ അപാകം പരിഹരിച്ച് അംഗീകരിക്കൽ, അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 23-24 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയായിരുന്നു പ്രധാന അജണ്ട. സിറ്റിസൺ പോർട്ടൽ പരിചയപ്പെടുത്തൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ലേബർ ബജറ്റ് (2022-23 വർഷം), ആക് ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയും നടന്നു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.ഓഡിറ്റ് കാലയളവിലെ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്.

## 1-11 വസ്തു നികുതി - ഉയർന്നതരം തറനിർമ്മിതിക്കു ബാധകമായ 15% നികുതി വർദ്ധനവ് ഡിമാൻഡ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതും,1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു

കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്താവുന്നതുമാണ്.ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ് (അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്). 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. ചുവടെ പറഞ്ഞിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതി, 250 ച. മീറ്ററിന് മുകളിലുള്ള മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ ടി വർദ്ധനവ് നൽകിയിട്ടില്ല.

| കെട്ടിട ഉടമയുടെ പേര് : എക്കാലയിൽ ലീലാധർമ്മൻ | | |
|---|---|---|
| വാർഡ് നം/കെട്ടിട നം | തറ വിസ്തീർണ്ണം(ച.മീ.) | ഈടാക്കുന്ന വസ്തുനികുതി (₹) |
| 2/432A | 71.08 | 6,151<br>(BT+20%വർദ്ധനവ്(വഴി സൗകര്യം)-<br>10%ഇളവ്(മേഖലദ്വിതീയം)+<br>ലൈബ്രറി സെസ്സ്+<br>2%സർവ്വീസ് ചാർജ്ജ് |
| 2/432B | 19.34 | 1,676<br>(BT+20%വർദ്ധനവ്(വഴി സൗകര്യം)-<br>10%ഇളവ്(മേഖലദ്വിതീയം)+<br>ലൈബ്രറി സെസ്സ്+<br>2%സർവ്വീസ് ചാർജ്ജ് |
| 2/432C | 25.26 | 2,188<br>(BT+20%വർദ്ധനവ്(വഴി സൗകര്യം)-<br>10%ഇളവ്(മേഖലദ്വിതീയം)+<br>ലൈബ്രറി സെസ്സ്+<br>2%സർവ്വീസ് ചാർജ്ജ് |
| 2/432D | 54.32 | 4,466<br>(BT+20%വർദ്ധനവ്(വഴി സൗകര്യം)-<br>10%ഇളവ്(മേഖലദ്വിതീയം)-<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5%<br>ലൈബ്രറി സെസ്സ്+<br>2%സർവ്വീസ് ചാർജ്ജ് |
| 2/432E | 30.3 | 2,493<br>(BT+20%വർദ്ധനവ്(വഴി സൗകര്യം)-<br>10%ഇളവ്(മേഖലദ്വിതീയം)- |

| | | |
|---|---|---|
| | | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ലൈബ്രറി സെസ്സ്+ 2%സർവ്വീസ് ചാർജ്ജ് |
| 2/432F | 23.18 | 1,907 (BT+20%വർദ്ധനവ്(വഴി സൗകര്യം)- 10%ഇളവ്(മേഖലദ്വിതീയം)- ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ലൈബ്രറി സെസ്സ്+ 2%സർവ്വീസ് ചാർജ്ജ് |
| 2/432G | 30.28 | 2,491 (BT+20%വർദ്ധനവ്(വഴി സൗകര്യം)- 10%ഇളവ്(മേഖലദ്വിതീയം)- ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ലൈബ്രറി സെസ്സ്+ 2%സർവ്വീസ് ചാർജ്ജ് |
| ആകെ | 253.76 | |

മേൽ അപാകത സംബന്ധിച്ച് 5/18-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടത്തിനെ സംബന്ധിച്ച ഫോം 6 വിവരങ്ങൾ എല്ലാം തന്നെ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയത് പ്രകാരം സോഫ്റ്റ്‌വെയർ തന്നെയാണ് ഓട്ടോമാറ്റിക് ആയി നികുതി നിർണ്ണയം നടത്തുന്നത് എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വർദ്ധനവ് (15%) സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വിവരം സോഫ്റ്റ് വെയർ സേവന ദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ട് തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഗ്രാമ പഞ്ചായത്ത് പരിധിയിലെ ജിംനേഷ്യങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

1963 ലെ Kerala Places Of Public Resort Act ലെ 3 -ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള താൽക്കാലിക നിർമ്മാണമോ സ്ഥിരനിർമ്മിതമായതോ ആയ 50 ച.മീറ്റർ വിസ്തീർണ്ണമുള്ള അടച്ചിട്ട സ്ഥലമോ, കെട്ടിടമോ ലൈസൻസ് ഇല്ലാതെ പൊതുറിസോർട്ടിനോ, വിനോദത്തിനോ (പണം വാങ്ങിയോ പണം ലഭിക്കാനായി പ്രവേശനം നൽകിയോ ലാഭോദ്ദേശ്യത്തോടെ നടത്തപ്പെടുന്ന സംഗീത, നൃത്ത, കായിക വിനോദങ്ങൾ, സർക്കസ്, തിയേറ്റർ, സംഗീതശാല, ബില്യാർഡ്സ് റൂം, ജിംനേഷ്യം, ആയുധ പരിശീലനം ...) ഉപയോഗിക്കാൻ പാടില്ലെന്നും, പ്രസ്തുത ലൈൻസിനായി 4-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യാപാര ലൈസൻസ് കൂടാതെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് അനുവദിക്കേണ്ടതാണെന്നും പ്രതിപാദിക്കുന്നുണ്ട്.മേൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യത്തോടു കൂടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ആകെ എണ്ണം, പ്രസ്തുത സ്ഥാപനങ്ങൾ FTE&OS ലൈസൻസ്, 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് എന്നിവ എടുത്തിട്ടുള്ളവയാണെങ്കിൽ ആയതിന്റെ വിശദംശം,പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയാണെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെ വിശദംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/18-12-2023) ഗ്രാമ പഞ്ചായത്ത് പരിധിയിൽ ശ്രീ നീരജ് പി എന്നയാളുടെ ഉടമസ്ഥതയിൽ ഒരു ജിംനേഷ്യം (ന്യൂ ഫിറ്റ്നസ് സെന്റർ ,കെട്ടിട നമ്പർ 5/577 E,F,G,H) പ്രവർത്തിച്ച് വരുന്നുണ്ടെന്നും പ്രസ്തുത സ്ഥാപനത്തിന് യാതൊരു വിധ ലൈസൻസും ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സ്ഥാപന ഉടമയ്ക്ക് കത്ത് (നം.401068/RPDC17/GPO/2022/2874/(1), Dt:5-10-2023) നൽകിയിട്ടുണ്ടെന്നും മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന ജിം നേഷ്യങ്ങൾ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് എടുക്കുന്നുണ്ട് എന്നത് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ(ആർ.ഡി)വകുപ്പ് നം.എൽ.എസ്.ജി.ഡി-ആർഡി1/47/2022 തീയതി:1-8-2022 സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴവൻ ജിംനേഷ്യങ്ങളും ലൈസൻസ് എടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിന് നാളിതുവരെ നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയ്യതി | കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) (കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|---|
| 1 | 19/193A | ചെറിയാണ്ടി സാറ, അജ് മൽ മൻസിൽ, ചെക്കികുനിപാലം | BA(537000)/2018 20-10-2018 | 90.41 (താഴത്തെ നില) | 81.40 (ഒന്നാമത്തെ നില) | 68.66 (താഴത്തെ നില) 7.28 (ഒന്നാമത്തെ നില) |
| 2 | 2/480 | സാജിറ വി യു, മുക്കുറ്റിയിൽ ഹൌസ്, പാറപ്രം റോഡ് | BA(240419)/2018 18-09-2018 | 68.08 (താഴത്തെ നില ) 31.28 (ഒന്നാമത്തെ നില) | 16.01 (താഴത്തെ നില ) 3.38 (ഒന്നാമത്തെ നില) | 76 (താഴത്തെ നില) |
| 3 | 11/353A | പൊറേരി സുനിൽകുമാർ, യദു നിവാസ്, എരുവട്ടി | BA(249983)/2018 11-09-2018 | 102.98 (താഴത്തെ നില ) 8.10 (പോർച്ച്) | 65.12 (ഒന്നാമത്തെ നില) | 120.13 (താഴത്തെ നില) |

| | | | | | | |
|---|---|---|---|---|---|---|
| 4 | 3/212 | സുധീപ് കുമാർ.പി.കെ, കൃഷ്ണാലയം, പിണറായി | BA(298165)/2018 11-09-2018 | 82.02 (താഴ ത്തെ നില ) | 20.69 (താഴ ത്തെ നില ) 95.22 (ഒന്നാ മത്തെ നില) | 89.73 (താഴ ത്തെ നില) |
| 5 | 9/277A | കടുങ്ങാംപറമ്പിൽ ജാഫർ, കുഞ്ഞുപ്പറമ്പത്ത് ഹാജറ | BA(216245)/2018 30-07-2018 | 50.57 (താഴ ത്തെ നില ) | 24.86 (താഴ ത്തെ നില ) 44.87 (ഒന്നാ മത്തെ നില) | 50.96 (താഴ ത്തെ നില) |
| 6 | 7/407 | മാങ്കി ദിലീപ് കുമാർ എന്ന ദിലീപ് | BA(106169)/2018 26-05-2018 | 99.28 (താഴ ത്തെ നില ) 27.87 (പോർച്ച്) | 73.94 (ഒന്നാ മത്തെ നില) | 97 (താഴ ത്തെ നില ) 7.29 (ഒന്നാ മത്തെ നില) |
| 7 | 9/68 | എം ലക്ഷ്മണൻ | BA(209485)/2018 13-06-2018 | 57.45 (താഴ ത്തെ നില) | 20.35 (താഴ ത്തെ നില ) 52.51 (ഒന്നാ മത്തെ നില) | 48.4 (താഴ ത്തെ നില) |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ വസ്തു നികുതി നിർണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിലവിലെ തറ വിസ്തീർണ്ണം എന്നിവ തമ്മിലുള്ള അന്തരത്തിന് കാരണം, പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 18/20-12-2023 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയേറെയാണ്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ്തല പരിശോധന കൂടുതൽ കാര്യക്ഷമമായി നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് കൂട്ടിചേർക്കൽ വരുത്തിയതും ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. പെർമിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തിൽ FTE&OS ലൈസൻസ് നേടിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ | ലൈസൻസ് അപേക്ഷ യിൽ രേഖ പ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഫാത്തിമ ഫാഷൻസ് (13/448,449) | നൗഷാദ്.കെ.പി | 676/2022-23 | 2 |
| 2 | ന്യൂ പികെഎം സ്റ്റോഴ്സ്, കാപ്പുമ്മൽ (7/198) | സുഭാഷ് ബാബു പി.കെ | 664/2022-23 | 2 |
| 3 | മിനി ഓയിൽ എക്സ്പല്ലർ& ഫ്ലോർ മിൽ (7/316-320) | സി.വത്സൻ | 199/2022-23 | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/16.12.2023)മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി തുക അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ 1994 ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും ചട്ടം അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും പിണറായി ഗ്രാമ പഞ്ചായത്തിന് 2022-23 വർഷം വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 36/21.12.2023) ലഭ്യമാക്കിയ മറുപടിയിൽ 2020 ജൂൺ മാസം വരെ 84164 രൂപ ലഭിക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തനത് വരുമാനം- പൊതു അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പിണറായി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് താഴെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ പിണറായി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും, പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിക്കപ്പെട്ടിട്ടില്ല. തനത് വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE&OS, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, കെട്ടിട വാടക വരവ്, മാർക്കറ്റ് ലേലം വരവ്,പൊതു ശ്മശാന ഫീസ് വരവ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

I)വസ്തുനികുതി – 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 22-03-2023 തീയതിയിലെ സ.ഉ(കൈ) നമ്പർ 77/2023/ത.സ്വ.ഭ.വ യിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ (അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പിണറായി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 24.08.2023 തീയതിയിലെ 11/283/2023(5) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്.

II)തൊഴിൽ നികുതി.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. പ്രസ്തുത വിഷയത്തോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (3/16-12-2023) പ്രകാരം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാതിരുന്ന എട്ടോളം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിഴ സഹിതം (9709)ഈടാക്കിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്നത് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

III. ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ്

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 709 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ (ഫീൽഡ് പരിശോധന) ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV)FTE&OS ലൈസൻസ്

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല (ഒട്ടു മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല). 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് (മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ) സംരംഭകരിൽ നിന്നും ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ.

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ,

കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

7. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.
8.FTE&OS ലൈസൻസ് ഫീസ് ചട്ട പ്രകാരം ഈടാക്കുന്നുണ്ട് എന്നത് പരിശോധിച്ച ഉറപ്പ് വരുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ത.സ്വ.ഭ.വ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-17 ബാലസഭാ പ്രവർത്തനങ്ങൾ-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - ₹39,500 - യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, |
| പ്രൊജക്ട് നമ്പർ / പേര് | 200/23 , ബാലസഭ പ്രവർത്തനങ്ങളുടെ<br>കാര്യക്ഷമത വർദ്ധിപ്പിക്കൽ |
| അടങ്കൽ | ₹80,000 (വികസനഫണ്ട് -ജനറൽ)<br>₹26,700 (തനത് ഫണ്ട്)<br>ആകെ – ₹1,06,700 |
| ചെലവ് | ₹58,500 (വികസനഫണ്ട് -ജനറൽ)<br>ആകെ – ₹58,500 |
| ബിൽ നം./തീയതി/<br>തുക | 22220352007401571675/30-03-2023<br>(₹58,500) |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബാലസഭകളിലെ അംഗങ്ങൾക്ക് കായിക ശേഷി വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ കായിക പരിശീലനം (30 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം, 20 കുട്ടികൾ ഉൾപ്പെടുന്ന രണ്ട് ബാച്ച് സൈക്ലിംഗ് ക്ലബ് രൂപീകരണം/സൈക്ലിംഗ് പരിശീലനം) നൽകുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ- തീയതി.28.05.2022 പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.7.10(1)) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് ₹1000 നിരക്കിൽ ചെലവഴിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 19 വാർഡുകൾ ഉള്ള പിണറായി ഗ്രാമ പഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക ₹19000 ആണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ആകെ ₹58,500 ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹39,500 അധികമായി ചെലവഴിച്ചതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ച പരിധിയിൽ കവിഞ്ഞുള്ള തുകയുടെ (₹39,500) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് അധികമായി തുക ചെലവഴിക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്മാർട്ട് ഐ-ഫേസ് 1 - രേഖകൾ ഹാജരാക്കിയില്ല. ₹177000 തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ മാലിന്യം കൂടുതലായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിച്ച് മാലിന്യം നിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. പദ്ധതിയുടെ ഒന്നാംഘട്ടമായി 2022-23 വർഷം പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവിനായാണ് തുക ജില്ലാപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്.ജില്ലാ കലക്ടറുടെ 13.01.23 ലെ 444/2022-23/ഡി പി സി/ഡി പി ഒ/കെ എൻ ആർ കത്തിലെ നിർദ്ദേശപ്രകാരം തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ

കണക്ടിവിറ്റി സൗകര്യങ്ങളും ഒരു 4 MP നെറ്റ് വർക്ക് ക്യാമറയും 300 KVA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് മേൽ പദ്ധതിയിൽ വകയിരുത്തിയ തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുള്ളത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 291/23, സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000(തനത് ഫണ്ട് ) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹177000-402/27.03.23 |

പ്രവ്യത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗവിവരം, പ്രവ്യത്തിയുടെ മോണിറ്റർ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.12.23) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹177000 തടസ്സപ്പെടുത്തുന്നു. പ്രവ്യത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 എസ്.എസ്.എ. വിഹിതം കൈമാറൽ - 1352959 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പിണറായി ഗ്രാമ പഞ്ചായത്ത് 2022-23 വർഷം താഴെ പറയുന്ന വിധം എസ് എസ് എ വിഹിതം നൽകൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 72/23, എസ്.എസ്.എ. വിഹിതം കൈമാറൽ |
| അടങ്കൽ | ₹1352959 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹1352959 (വികസന ഫണ്ട്, ജനറൽ) |
| ബിൽ നമ്പർ, തീയതി | 33/16.08.22, ₹1352959 |

സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ 27-07-2022 ലെ കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ബിൽ പ്രകാരം പിൻവലിച്ച് കണ്ണൂർ ജില്ലാ എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് (CNRB0001139/1139101071275) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ ഉ. (കൈ)84/22/തസ്വഭവ /19.04.22 8.6.(3),(4) ൽ പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തത്തോടെയായിരിക്കണമെന്നും പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുകയുടെ വിനിയോഗത്തോടൊപ്പം ഓരോ സ്കൂളിലും നടത്തുന്ന

പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നുള്ള വിവരങ്ങൾ എസ് എസ് കെ പ്രൊജക്ട് ഓഫീസർ തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണം. 2022-23 വർഷത്തേയ്ക്ക് എസ്. എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങളും പഞ്ചായത്ത് പരിധിയിലുള്ള ഓരോ സ്കൂളിലും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/20.12.23) മറുപടി ഹാജരാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എസ് എസ് കെ ഹാജരാക്കിയ ചെലവ് പത്രിക പ്രകാരം ഓരോ ഇനത്തിലുമുള്ള തുക വിനിയോഗിച്ച് എതെല്ലാം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നതിന് എസ് എസ് കെ യിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ട് ഹാജരാക്കിയും ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഡ്രൈവർ- ദൈനംദിന ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് യാത്രാ ബത്ത അനുവദിക്കുന്നത് -ഒഴിവാക്കേണ്ടതാണ്.

സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ല. എന്നാൽ സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ടിന് യാത്രാ ബത്ത (ഇൻസിഡന്റൽ എക്സ്പെൻസ്) ദിനബത്ത എന്നിവ കെ എസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ താൽക്കാലിക ഡ്രൈവർ ആയ ശ്രീ ശ്രീജേഷ് ബി ക്ക് 01/21 മുതൽ മുതൽ 12/21 വരെയുള്ള മാസങ്ങളിൽ നടത്തിയ ഹാൾട്ട് ഇല്ലാത്ത യാത്രകൾക്ക് വൗച്ചർ നം. 22200524/17.10.22 പ്രകാരം ₹15782 രൂപ യാത്രാബത്ത അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ യാത്രാബത്ത അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22/20.12.23) ഹാജരാക്കിയ മറുപടിയിൽ ഡ്രൈവർമാരുടെ യാത്രാബത്തയുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം വന്നതിന് ശേഷം യാത്രാബത്ത അനുവദിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയത്.
സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനം ദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ലെന്നും ഹാൾട്ട് വരുന്ന അവസരങ്ങളിൽ യാത്രാബത്ത കെഎസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണെന്നും സർക്കാർ 27.10.2022 ലെ 2204261/വ്യയം-സി1/102/2022-ധന നമ്പർ കത്തിലൂടെ കണ്ണൂർ ജില്ലാ പഞ്ചായത്തിന് സ്പഷ്ടീകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ യാത്രാബത്ത അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-21 കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിന് തുക കൈമാറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 178/23, കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവരുടെ ഉപകരണങ്ങളുടെ മെയിന്റെനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ |
| അടങ്കൽ | ₹1,00,000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹1,00,000<br>(ബിൽനമ്പർ 182/20.01.2023) |

കോക്ലിയാർ റീ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണം റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക (ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. മുഹമ്മദ് സിയാൻ വി പി, ഷൈൻ സി എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ₹100000 കേരള സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 29/20-12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രത്തിനും മറ്റ് രേഖകൾക്കുമായി കേരള സാമൂഹ്യസുരക്ഷാമിഷന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താവായ കുട്ടിയുടെ കേൾവിശക്തിക്കായുള്ള ഉപകരണങ്ങൾക്ക് സമയബന്ധിതമായ പരിപാലനം നടന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് സർട്ടിഫിക്കറ്റും

ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/11/2023 ലെ ഡി.എ/284/23 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. പിണറായി ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവു ചെലവ് കണക്കുകൾ ഇപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കിയതിന്റെ വിവരങ്ങളും ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയതിന് (9/19.12.23) മെഡിക്കൽ ഓഫീസർമാർ മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ താമസംവിനാ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം.3/05/ആ.കു.വ നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-23 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ- അധികം അനുവദിച്ച ₹22349 ചെലവ് നിരാകരിക്കുന്നു.

ഭിന്നശേഷിയുള്ള ഗുണഭോക്താവിന് പെട്ടിക്കടയ്ക്ക് ധനസഹായം നൽകുന്നതിന് രൂപീകരിച്ച് പ്രോജക്റ്റാണിത്. പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പിണറായി സർക്കിൾ |
| പ്രോജക്റ്റിന്റെ പേര്/നം | 191/23 -ഭിന്നശേഷിക്കാർക്ക് പെട്ടിക്കട |
| അടങ്കൽ(₹) | 266290-വികസന ഫണ്ട് (പൊതുവിഭാഗം)<br>93710 തനത്ഫണ്ട്.<br>3,60,000 (ആകെ) |
| ചെലവ് (₹) | 2,18,000 വികസന ഫണ്ട് (എസ്.സി.പി.)<br>50520-തനത് ഫണ്ട്.<br>268520 (ആകെ) |
| തുക,ബിൽ നം. തീയതി | 60,000 -278/23.02.23<br>158000-479/31.03.23<br>50000 -276/22.02.23<br>520 -486/31.03.23 |

| | |
|---|---|
| | 268520 (ആകെ) |

മേൽ പ്രോജക്റ്റ് പ്രകാരം പെട്ടിക്കട നടത്തുന്നതിനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 5 പേർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മുഹമ്മദ്.കെ, ഉണ്ണികൃഷ്ണൻ .എ.വി, അതുൽ. വി എന്നീ മൂന്ന് ഗുണഭോക്താക്കളുടെ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാതെ പെട്ടിക്കട നിർമ്മിച്ച വ്യക്തിക്കാണ് നൽകിയിട്ടുള്ളത്.

2. ആനുകൂല്യം ലഭിച്ച താഴെ പറയുന്നവർക്ക് എഞ്ചിനീയർ/ ഓവർസീയറുടെ വാല്വേഷനേക്കാൾ കൂടുതൽ തുകയാണ് അനുവദിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | വാല്വേഷൻ പ്രകാരം | അനുവദിച്ച തുക | അധികം |
|---|---|---|---|
| മുഹമ്മദ്.കെ | 46967 | 57000 | 10033 |
| ഉണ്ണികൃഷ്ണൻ എ.വി | 43684 | 56000 | 12316 |
| ആകെ | | | 22349 |

3.പ്രോജക്റ്റ് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 28/20.12.2023) മറുപടിയോടൊപ്പം പ്രോജക്റ്റ് മോണിറ്ററിഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മുഹമ്മദ്.കെ, ഉണ്ണികൃഷ്ണൻ.എ.വി എന്നീ ഗുണഭോക്താക്കളുടെ പെട്ടിക്കട നിർമ്മിച്ച അനിൽ കുമാർ എന്ന വ്യക്തി നിർമ്മാണ ചിലവിനത്തിൽ ആവശ്യപ്പെട്ട തുക ഓവർസീയറുടെ വാല്വേഷൻ പ്രകാരം ഉള്ളതിനേക്കാൾ അധികമാണെന്നും ഇതിൽ അധികം വന്ന തുക നൽകാൻ സാമ്പത്തികമായി പിന്നോക്കമായ ഗുണഭോക്താക്കൾക്ക് സാധിക്കാത്തതിനാലാണ് ഗുണഭോക്താക്കളുടെ ആവശ്യ പ്രകാരം പെട്ടിക്കട നിർമ്മിച്ച അനിൽകുമാർ എന്ന വ്യക്തിക്ക് നിർമ്മാണച്ചിലവിനത്തിലെ തുക അനുവദിച്ചതെന്ന് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്. എന്നാൽ ഓവർസീയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ളതിനേക്കാൾ അധികമായി നൽകിയ തുകയുടെ ചെലവ് (പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)115/22 തസ്വഭവ 28.5.2022, ഖണ്ഡിക 2.9 (പൊതു നിബന്ധന), 6.5(എ)(13) എന്നിവ പ്രകാരം) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രോജക്റ്റ് നടപ്പാക്കുമ്പോൾ ബാധകമായ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും, വാല്വേഷനേക്കാൾ കൂടുതൽ അനുവദിച്ച 22349രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്താവിന് അർഹമായ ധനസഹായം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 107/23 ,<br>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള<br>സ്കോളർഷിപ്പ് |
| അടങ്കൽ | ₹2,55,000 (വികസനഫണ്ട്-എസ്.സി.പി ) |
| ചെലവ് | ₹2,55,000 (വികസനഫണ്ട്-എസ്.സി.പി ) |
| ബിൽ നം./തീയ്യതി/<br>തുക | 124/12-12-2022 (₹235000) (എ.സി.ആർ പ്രകാരം)<br>163/9-01-2023 (₹20000)<br>ആകെ : ₹2,55,000 |

പിണറായി ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതിയിൽ ഉൾപ്പെടുന്ന 12 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പദ്ധതി. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ-തീയതി. 28.05.2022 പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.2.4 പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പ് ഇനത്തിൽ ₹20000 യും, എൻജിനീയറിങ്/മറ്റ് പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്ക് വാർഷിക സ്കോളർഷിപ്പ് ഇനത്തിൽ ₹25000 യും അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ദിനിഷ ദിനേശൻ.സി.കെ, മീത്തലെ വീട്, പാച്ചപ്പൊയ്ക എന്ന രണ്ടാം വർഷ B.Ed (മലബാർ B.Ed ട്രെയിനിങ് കോളേജ്, പേരാവൂർ) വിദ്യാർത്ഥിനിക്ക് വാർഷിക സ്കോളർഷിപ്പ് ഇനത്തിൽ ആകെ ₹15000 മാത്രമാണ് അനുവദിച്ചിട്ടുള്ളത്. B.Ed കോഴ്സ് മറ്റ് പ്രൊഫഷണൽ ബിരുദം എന്ന വിഭാഗത്തിൽപ്പെടുത്തി വാർഷിക സ്കോളർഷിപ്പ് ഇനത്തിൽ ₹25000 യോ/ ബിരുദം എന്ന വിഭാഗത്തിൽപ്പെടുത്തി ₹20000 യോ വാർഷിക സ്കോളർഷിപ്പ് ലഭിക്കാനർഹതയുണ്ടായിരുന്ന പ്രസ്തുത

വിദ്യാർത്ഥിനിക്ക് കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം പൂർണമായും ലഭ്യമാകുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, വരും വർഷങ്ങളിലെ പദ്ധതി നിർവഹണത്തിൽ ഗുണഭോക്താക്കൾക്ക് സർക്കാർ നിർദ്ദേശിച്ച മുഴുവൻ ധനസഹായവും ലഭിക്കുന്ന വിധത്തിൽ അടങ്കൽ കണക്കാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-25 പി.എം.എ.വൈ വിഹിതം നൽകൽ -വിനിയോസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ , പിണറായി സർക്കിൾ |
| പ്രോജക്ടിന്റെ നമ്പർ ,പേര് | 209/23 പി.എം.എ.വൈ വിഹിതം നൽകൽ |
| അടങ്കൽ | ₹ 70000 വികസന ഫണ്ട്-പൊതുവിഭാഗം |
| ചെലവ് | ₹ 70000 ബിൽ നം : 287/27.02.23 |

പി.എം.എ.വൈ വിഹിതം നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം ₹70000 തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/20-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 79/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹ 1250000 | ₹ 312500 വികസനഫണ്ട്- പൊതുവിഭാഗം<br>₹ 312500 തനത് ഫണ്ട്<br>₹ 625000 മറ്റുള്ളവ |
| ചെലവ് ₹ 312500 | ₹312500 വികസനഫണ്ട്-പൊതുവിഭാഗം<br>ബിൽ നമ്പർ 227/08-02-2023 |

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തിരഞ്ഞെടുത്ത് അവയെ ഇൻഷൂർ ചെയ്യുകയും 32 മാസം പ്രായം വരെയോ ആദ്യ പ്രസവം വരെയോ പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ/ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ₹ 312500 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത്.

2. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട്.

3. ക്ഷീര സഹകരണ സംഘങ്ങളിൽ പരിപാലിക്കുന്ന കാലിത്തീറ്റ വിതരണ രജിസ്റ്ററുകൾ.

4. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്റർ.

5. പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും
6. ഗുണഭോക്തൃ ലിസ്റ്റ്

ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19-12-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഖണ്ഡികയിൽ ആവശ്യപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താവുണ്ടെങ്കിൽ സബ്സിഡി വിഹിതമിനത്തിൽ ബാക്കി വരുന്ന തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 16/19.12.2023) മറുപടിയിൽ ദിലീപ് പൂഴിക്കുനിയിൽ എന്നവരുടെ വീടിന്റെ നിർമ്മാണം ലിന്റൽ വരെ പൂർത്തീകരിച്ചതായും അജിത.കെ എന്നവർ വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക(₹) | തിയതി |
|---|---|---|
| ദിലീപ്,പൂഴിക്കുനിയിൽ ഹൗസ് (എസ്.സി) | 40000 | 13.10.2021 |
| | 160000 | 16.11.2022 |
| | 100000 | 15.12.2022 |
| അജിത.കെ സരോവരം | 14000 | 20.12.2022 |
| | 24000 | 08.03.2023 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹ 24200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 251/23, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹100000- വികസന ഫണ്ട് , ജനറൽ |
| ചെലവ് | ₹24200 ബിൽ നമ്പർ 434/28-03-23 |

സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ് തല ട്രെയിനിംഗ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2022-23 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന

റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെ വിവര ശേഖരണം, വിശകലനം തുടങ്ങിയവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റെയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 19.12.23 ന് നൽകിയ പതിനാലാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 24200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കേരളോത്സവം-സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല - 96561 രൂപ തടസ്സപ്പെടുത്തുന്നു

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ കേരളോത്സവം [പ്രോ.നം.144/23, അടങ്കൽ₹150000 (തനതു ഫണ്ട്)] എന്ന പ്രോജക്ടിന്റെ നിർവഹണത്തിനായി ബിൽ നം.375/23-03-23(എ.സി.ആർ ൽ രേഖപ്പെടു ത്തിയ നമ്പർ) പ്രകാരം 96,651/ രൂ. ചെലവഴിച്ചിട്ടുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ, മൈക്ക് സെറ്റ് വാടക എന്നിവയ്ക്കാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. ഇവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവോയെന്നും എങ്കിൽ ആയതു സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.34/21.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ സാധനങ്ങൾ വാങ്ങിയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 96561/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി-വിശദവിവരം ലഭ്യമാക്കിയില്ല - 95800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പ്രോജക്ടിന്റെ നം/പേര് | ₹25/23അതുല്യം തുടർ വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | 95800 (പ്ലാൻ ഫണ്ട്), 100000 (തനത് ഫണ്ട്) |
| ചെലവ് /ബിൽ നമ്പർ | ₹95800/ 16/8.7.2022 |

മേൽ പദ്ധതി പ്രകാരം 18 പേരുടെ 10-ാം തരം തുല്യതാ കോഴ്സിനും 25 പേരുടെ പ്ലസ് വൺ തുല്യതാ കോഴ്സിനുമുള്ള രജിസ്ട്രേഷൻ ഫീ, കോഴ്സ്ഫീ, എക്സാം ഫീ എന്നീയിനങ്ങളിലായി യഥാക്രമം ₹33300(18x1850), ₹62500 (25x2500) സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെയും കോഴ്സ് പൂർത്തിയാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/21.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 95800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 വാസയേഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായില്ല

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഭവനപുനരുദ്ധാരണ പ്രവൃത്തിക്കായി മുൻവർഷം തുക മുൻകൂർ കൈപ്പറ്റിയ താഴെ പറയുന്ന 3 ഗുണഭോക്താക്കൾ തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻകൂർ ലഭിച്ച തുക | നൽകിയ തിയതി |
|---|---|---|---|
| 1 | നാണു.നെയ്യൻ | 50,000 | 05.01.2022 |

| | | | |
|---|---|---|---|
| 2 | സി.കെ മജീദ് | 50,000 | 26.02.2022 |
| 3 | പവിത്രൻ.എം.കെ | 50000 | 26.02.2022 |

ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/19.12.23) മറുപടി പ്രകാരം 3 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഞങ്ങളും കൃഷിയിലേക്ക്- ചങ്ങാത്ത നെൽ കൃഷി - രേഖകൾ ലഭ്യമാക്കേണ്ടതാണ്- 24450/ രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 231/23, ഞങ്ങളും കൃഷിയിലേക്ക്- ചങ്ങാത്ത നെൽ കൃഷി |
| അടങ്കൽ | ₹20400(വികസന ഫണ്ട്, ജനറൽ)<br>₹4050 (തനത് ഫണ്ട്)<br>₹21750(ഗുണഭോക്തൃ വിഹിതം )<br>ആകെ 46200 |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹20400-262/20.02.23<br>₹4050-263/20.02.23<br>ആകെ 24450 |

എല്ലാവരിലും കാർഷിക സംസ്കാരം ഉണർത്തുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രൊജക്ടിന്റെ ഭാഗമായി, 300 Kg കുമ്മായം വാങ്ങിയ ബില്ലിന്റെ 75% തുകയായ 4050 രൂപയും 3 ഏക്കർ സ്ഥലം നെൽകൃഷിക്കായി ഒരുക്കിയതിനുള്ള കൂലിചെലവായി 20400 രൂപയും പ്രതീക്ഷാ പച്ചക്കറി ക്ലസ്റ്ററിന്റെ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (ശ്രീ സുകുമാരൻ പുത്തലത്ത്) നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി നടത്തിയ 3 ഏക്കർ സ്ഥലം ആരുടെ പേരിലാണ് എന്ന് വ്യക്തമാക്കുന്ന രേഖകളും പ്രസ്തുത ഭൂമിയിൽ പദ്ധതി പ്രകാരം കൃഷി നടത്തുന്നതിന് അനുമതി നൽകി കൊണ്ട് ഭൂമി ഉടമയിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20.12.23) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 24450 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടിയും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ) ജനറൽ പദ്ധതി നടത്തിപ്പ് അപാകങ്ങൾ

| | |
|---|---|
| നിർവഹണ | വി.ഇ.ഒ ,എരുവട്ടി സർക്കിൾ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്റ്റ് നം. & പേര് | 180/23 സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ) |
| അടങ്കൽ | ₹500000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹6250 (തനത് ഫണ്ട്) ₹675000 മറ്റുള്ളവ<br>ആകെ – ₹1181250 |
| ചെലവ് തുക ,ബിൽ റഫറൻസ് നം.,തീയതി | ₹168750<br>22200914/15.02.2023 |

മേൽ പദ്ധതി പ്രകാരം ഐസ് ബേ കോൾഡ് സ്റ്റോറേജ് ആന്റ് കൂൾബാർ എന്ന ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിനായി 2 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് വായ്പാ ബന്ധിത സബ്സിഡി 168750 രൂപ അനുവദിച്ചിട്ടുണ്ട്.

14 ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/2022/LSGDതീയതി.28.05.22 ലെ ഖണ്ഡിക 6.5.2 പ്രകാരം സംരംഭം വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് ബാക്ക് എന്റ് സബ്സിഡി ആയി കതിരൂർ സർവ്വീസ് സഹകരണ ബാങ്കിലേക്കാണ് (A/Cനം. 39814222057) തുക അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി (7/18-12-2023) പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് തുക വരവ് വച്ചതായി അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം സംരംഭം തുടങ്ങുന്നതിനായി ആരംഭിച്ച ജോയിന്റ് അക്കൗണ്ടിലേക്കാണ് തുക അനുവദിക്കാവുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ-രേഖകൾ ഹാജരാക്കിയില്ല-₹65400 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ / പേര് | 117/23<br>അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ – പൊതു വിഭാഗം |
| അടങ്കൽ | ₹75000 വികസന ഫണ്ട്<br>₹87500 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹162500 |
| ചെലവ് | ₹65400 ബിൽ നമ്പർ : 330/15.03.23 (വികസന ഫണ്ട്)<br>₹76300 ഗുണഭോക്തൃ വിഹിതം<br>ആകെ ₹141700 |

പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 25 എണ്ണം മുട്ടക്കോഴികളെയും അവയെ വളർത്തുന്നതിനുള്ള കൂടും സൗജന്യമായി നൽകുന്നതിനാണ് മേൽ പ്രോജക്റ്റ്. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കോഴികളെ വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.115/22/LSGD, തീയ്യതി 28-05-22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(33)-ലെ പൊതു നിർദദേശങ്ങൾ 3 പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ

സമിതിക്ക് നേരിട്ട് വാങ്ങാം. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി ആകെ എത്ര മുട്ടക്കോഴികളെ വിതരണം ചെയ്തു എന്ന് ഹാജരാക്കിയ ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. കോഴികളെ വളർത്തുന്നതിനുള്ള കൂടിന്റെ വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല. കൂട് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രസീത് ബുക്കുകൾ ലഭ്യമാക്കിയിട്ടില്ല.

5. കോഴികളെ വിതരണം ചെയ്യുന്നതിന് സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ രേഖകൾ, പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

6. 130 രൂപ നിരക്കിൽ സജ്ജ എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നും ആകെ 1090 മുട്ടക്കോഴികളെ വാങ്ങിയിട്ടുണ്ട്. 19.10.2023-ലെ ഡിഎ1/353/2023 തദ്ദേശ സ്വയംഭരണ (ഡി.എ)നമ്പർ ഉത്തരവ് പ്രകാരം കോഴിക്കുഞ്ഞിന് മൃഗസംരക്ഷണ വകുപ്പ് വരുത്തിയിരിക്കുന്ന 10/- രൂപയുടെ വർദ്ധനവ് ഗുണഭോക്താക്കൾ വഹിക്കുന്ന രീതിയിൽ ഈ വർഷത്തേക്ക് ക്രമപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. യൂണിറ്റ് കോസ്റ്റ് 130 രൂപ നിരക്കിലാണോ 120 രൂപ നിരക്കിലാണോ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്നത് എന്നത് വ്യക്തമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.12.23) നല്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശൂന്യ വേതനാവധിയിൽ പ്രവേശിച്ചതിനാൽ മറുപടി ലഭ്യമാക്കുവാൻ സാധിക്കുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവ് തുകയായ ₹65400 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 തെങ്ങിന് ചെന്നീരൊലിപ്പ് രോഗത്തിനെതിരെ പ്രതിരോധപ്രവർത്തനം -രേഖകൾ ലഭ്യമാക്കിയില്ല. ₹18630 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 235/23, തെങ്ങിന് ചെന്നീരൊലിപ്പ്- രോഗത്തിനെതിരെ പ്രതിരോധപ്രവർത്തനം. |
| അടങ്കൽ | ₹18630(വികസന ഫണ്ട് , ജനറൽ) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹18630/332/15.03.23 |

തെങ്ങിന്റെ ചെന്നീരൊലിപ്പ് രോഗത്തിനെതിരെ പ്രതിരോധ പ്രവർത്തനം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആഗ്രൊ സർവ്വീസ് സെന്റർ പിണറായി, എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നം 2673/13.03.23 പ്രകാരം ₹18630 ചെലവഴിച്ച് കോപ്പർ സൾഫേറ്റ് , നീറ്റ് കക്ക (54 കി ഗ്രാം വീതം) എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ ഉള്ള ഒരാൾക്ക് ഓരോ കി ഗ്രാം വീതം നൽകാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. സബ്സിഡി മാർഗ്ഗ രേഖ സ. ഉ (കൈ)115/22/തസ്വഭവ/28.05.22 ഖ 6.1.19 പ്രകാരം കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കേണ്ടത് .

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 31/21.12.23) മറുപടി ഹാജരാക്കിയിട്ടില്ല.

1. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഓരോ ഗുണഭോക്താവിന്റെയും ഭൂമിയിലുള്ള രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം തിട്ടപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 82 ഗുണഭോക്താക്കളിൽ ഏതെല്ലാം ആളുകൾക്കാണ് വിതരണം നടത്തിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിതരണരേഖകൾ കൈപ്പറ്റ് വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.

3 പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിഓഫീസർ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ

നിർദ്ദേശാനുസരണം പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹18630 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 പദ്ധതി നിർവ്വഹണം- രേഖകൾ ലഭ്യമാക്കിയില്ല- 563050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/20.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ടിന്റെ നം/പേര് | അടങ്കൽ(₹) | ചെലവ് (₹) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 208/23ഇടവിളകിറ്റ് വിതരണം | 364000 (വികസന ഫണ്ട്, ജനറൽ) | 114000/422 /28.03.23<br>250000/472 /31.03.23<br>ആകെ :364000 | പിണറായി കാർഷിക കർമ്മ സേനയിൽ നിന്നും പദ്ധതിയുടെ ഭാഗമായി വാങ്ങിയ 728 കിറ്റുകൾ ഒരു കിറ്റിന് 500 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.<br>1.വാങ്ങിയ കിറ്റുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 688 ഗുണഭോക്താക്കളിൽ എത്രപേർക്ക് ഏത് മാനദണ്ഡ പ്രകാരമാണ് വിതരണം നടത്തിയിട്ടുള്ളത് എന്നതിന്റെ രേഖകൾ.<br>2. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റ് രശീത്.<br>3. പ്രൊജക്ട് പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഏത് രീതിയിലാണ് കിറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചത് എന്നതിന്റെ രേഖകൾ |
| 230/23 കുവ ഗ്രാമം | 49050( വികസന ഫണ്ട് | 49050/321 /15.03.23 | ഓരോ ഗുണഭോക്താക്കൾക്കും ഭൂവിസ്തൃതിക്കനുസരിച്ച് വിത്ത് കുവ സൗജന്യമായി നൽകുന്നതിനാണ് പദ്ധതി.<br>പദ്ധതി പ്രകാരം ആഗ്രൊ സർവ്വീസ് സെന്റർ, പിണറായി എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം 2668/08.03.23) 613.5 കി ഗ്രാം വിത്തുകൾ വാങ്ങിയിട്ടുണ്ട്. സ. ഉ (കൈ)115/22/തസ്വഭവ/28.05.22 ഖ 6.1.4 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ അളവും തൂക്കവും തീരുമാനിച്ചാണ് വിതരണം നടത്തേണ്ടത്.<br>1. പ്രസ്തുത നിർദ്ദേശപ്രകാരം സ്ഥലവിസ്തൃതിയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ അളവും തുക്കവും തീരുമാനിച്ചതിന്റെ രേഖകൾ.<br>2. പദ്ധതി പ്രകാരം വാങ്ങിയ 613.5 Kg വിത്ത് വിതരണം നടത്തിയതിന്റെയും ഗുണഭോക്തൃ ലിസ്റ്റിലെ 25പേർ കൈപ്പറ്റിയതിന്റെ രേഖകൾ |
| 228/23 ചെറുതേനീച്ച കൃഷിക്ക് തേനീച്ചയും കൂടും വിതരണം | ₹50000(വികസന ഫണ്ട് ജനറൽ)<br>₹50000 (ഗുണഭോക്തൃ വിഹിതം)<br>ആകെ – ₹100000 | 50000/323 /15.03.2023 | ഗുണഭോക്താക്കൾക്ക് കൂടും ചെറു തേനീച്ചയും വാങ്ങി നൽകുന്നതിനുള്ള പദ്ധതി പ്രകാരം കാസർഗോഡ് റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ (ഇൻവോയിസ് നം. ഇല്ല) നിന്ന് വാങ്ങിയ 50 എണ്ണം 'Stingless Bees With Hive' വിതരണം നടത്തിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ. |
| 197/23 ഓണത്തിന് ഒരു കടന്ന പൂവ് -ചെണ്ടുമല്ലി തൈ വിതരണം | 100000(വികസന ഫണ്ട് ജനറൽ)<br>33198 (ഗുണഭോക്തൃ വിഹിതം)<br>ആകെ ₹133198 | 100000/113 /06.12.22 | പുഷ്പകൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കുറഞ്ഞത് 10 സെന്റ് കൃഷി ചെയ്യുന്നതിന് 100 തൈകൾ എന്ന നിരക്കിൽ വനിതാ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതി പ്രകാരം ആഗ്രോ സർവ്വീസ് സെന്റർ, പിണറായി എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം 2500/21.11..22)വാങ്ങിയ 20492 എണ്ണം തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രശീത് , ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ പേര്, കൃഷിചെയ്ത ഭൂമിയുടെ അളവ് വ്യക്തമാക്കുന്ന രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. |

പട്ടികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 563050 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ചോളം കൃഷി പ്രോത്സാഹനം -രേഖകൾ ലഭ്യമാക്കിയില്ല. ₹20000 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 229/23, ചോളം കൃഷി പ്രോത്സാഹനം |
| അടങ്കൽ | ₹20000 (വികസന ഫണ്ട്, ജനറൽ) |

| | |
|---|---|
| ചെലവ്-ബിൽ നമ്പർ & തീയ്യതി | ₹20000/207/03.02.23 |

ചോളം കൃഷിയിൽ സ്വയം പര്യാപ്തത ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ 2 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ആഗ്രോ സർവ്വീസ് സെന്റർ പിണറായിയിൽ (ഇൻവോയിസ് നം. 2631/03.02.23) നിന്ന് 40 കി ഗ്രാം ചോളം വിത്ത് വാങ്ങിയിട്ടുണ്ട്. വാങ്ങിയ വിത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 19 പേരിൽ എത്ര പേർക്കാണ് വിതരണം ചെയ്തിട്ടുള്ളത് എന്നതിന്റെ വിതരണ സ്റ്റേറ്റ്മെന്റ്, കൃഷി ചെയ്യാനുദ്ദേശിക്കുന്ന ഭൂമിക്ക് ആനുപാതികമായി ഏതളവിലാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന പത്രിക, ഗുണഭോക്താക്കളുടെ അപേക്ഷകൾ, കൈപ്പറ്റ് രശീത് ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 33/21.12.23) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 20000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചതിന് തുക കൈമാറൽ- ബില്ലിൽ നിന്നും ആദായനികുതി കുറവ് വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനും (288/23) , 6 സ്കൂളുകളിൽ ബോട്ടിൽ ബൂത്തുകൾ (97/23) സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനായുള്ള മേൽ പദ്ധതി പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ഷിനു.കെ കുന്നുമ്മൽ എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും, പ്രവൃത്തി പൂർത്തീകരിച്ച് എ.ഇ-യുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്ത പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ എരുവട്ടി സർക്കിൾ | |
| പ്രോജക്ട് നം. & പേര് | 288/23പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചതിന് തുക കൈമാറൽ | 97/23 കളക്ടേഴ്സ് അറ്റ് സ്കൂൾ (സ്പിൽഓവർ) |
| അടങ്കൽ (₹) | ₹189062(ധനകാര്യ കമ്മീഷൻ അവാർഡ്) | ₹127200 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവു തുക(₹),ബിൽ/ വൗച്ചർ നം &തീയതി | ₹189062 22200914/15.02.2023 | ₹117578 22200420/06.09.2022 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ കൂടുതലുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് 1 ശതമാനവും മറ്റുള്ളവയ്ക്ക് 2ശതമാനവുമാണ്. ആയത് ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ പ്രസ്തുത ബില്ലിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല . ഇതുമായി ബന്ധപ്പെട്ട നൽകിയഓഡിറ്റ് അന്വേഷണത്തിന് (6/18-12-2023) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കരാറുകാരൻ ഇൻകംടാക്സ് റിട്ടൺ ഫയൽ ചെയ്യുന്ന വ്യക്തിയാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ കരാറുകൾക്കും സേവനങ്ങൾക്കും തുക അനുവദിക്കുമ്പോൾ 30000 രൂപയിൽകൂടുതൽ വരുന്ന ബില്ലിൽ നിന്നും ആദായ നികുതി കുറവു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ-തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല-₹566808 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

| | |
|---|---|
| പദ്ധതിയുടെ പേര് | ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ |
| പ്രൊജക്ട് നം | 63/23 |
| അടങ്കൽ | ₹570000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ബിൽ നമ്പർ | ₹566808 ബിൽ നമ്പർ: 36/16.08.22 |

ഇത് ഒരു സ്പിൽ ഓവർ പ്രോജക്ടാണ്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ജാഗ്രതാ സമിതി പ്രോജക്ടിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനായി മേൽകാണിച്ചതു പോലെ ട്രഷറി ബില്ലുകൾ പ്രകാരം കേരള സ്റ്റേറ്റ് റബ്ബർ കോപ്പറേറ്റീവ് ലിമിറ്റഡിന് ₹566808 രൂപ കൈമാറിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപര്യാപ്തതകൾ നിലനിൽക്കുന്നു.

സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.4.2 പ്രകാരം ജാഗ്രതാസമിതി മാസം തോറും വാർഡ്തല/പഞ്ചായത്ത്തല മീറ്റിംഗുകൾ കൂടേണ്ടതും പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി, ജെൻറർ ഡെസ്ക് എന്നിവ സ്ഥാപിക്കേണ്ടതും പരാതികൾ ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും തീർപ്പാക്കേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കലുള്ള മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതാസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിച്ച് ജാഗ്രതാസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനുമായി സ്കൂളുകളിൽ ജെന്റർ ഡെസ്കുകൾ സ്ഥാപിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കിയിട്ടില്ല. കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററിന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് ജില്ലാ റിസോഴ്സ് സെന്റർ നടപടിക്രമം നിശ്ചയിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇവരുടെ പ്രവർത്തനം ശരിയായ രീതിയിൽ വിലയിരുത്തുവൻ സാധിക്കുന്നില്ല. പിണറായി ഗ്രാമ പഞ്ചായത്തിൽ വാർഡ് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാനും, വാർഡ് തല സമിതി രൂപീകരിച്ചതിന്റെയും ലഭിച്ച പരാതികൾ, സ്വീകരിച്ച നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നല്കിയ 26/20.12.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. വാർഡ് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച്, പൊതു ഇടങ്ങളും സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുകയും സ്ത്രീ സുരക്ഷ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. മേൽക്കാണിച്ച അപാകതകൾ കാരണം പദ്ധതി ചെലവ് തുകയായ ₹566808 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജാഗ്രതാസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- അധികം അനുവദിച്ച ₹22349 ചെലവ് നിരാകരിക്കുന്നു.

ഭിന്നശേഷിയുള്ള ഗുണഭോക്താവിന് പെട്ടിക്കടയ്ക്ക് ധനസഹായം നൽകുന്നതിന് രൂപീകരിച്ച് പ്രോജക്ടാണിത്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പിണറായി സർക്കിൾ |
| പ്രോജക്റ്റിന്റെ പേര്/നം | 191/23 -ഭിന്നശേഷിക്കാർക്ക് പെട്ടിക്കട |
| അടങ്കൽ(₹) | 266290-വികസന ഫണ്ട് (പൊതുവിഭാഗം)<br>93710 തനത്ഫണ്ട്.<br>3,60,000 (ആകെ) |
| ചെലവ് (₹) | 2,18,000 വികസന ഫണ്ട് (എസ്.സി.പി.)<br>50520-തനത് ഫണ്ട്.<br>268520 (ആകെ) |
| തുക,ബിൽ നം. തീയതി | 60,000 -278/23.02.23<br>158000-479/31.03.23<br>50000 -276/22.02.23<br>520 -486/31.03.23<br>268520 (ആകെ) |

മേൽ പ്രോജക്ട് പ്രകാരം പെട്ടിക്കട നടത്തുന്നതിനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 5 പേർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മുഹമ്മദ്.കെ, ഉണ്ണികൃഷ്ണൻ.എ.വി, അതുൽ. വി എന്നീ മൂന്ന് ഗുണഭോക്താക്കളുടെ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാതെ പെട്ടിക്കട നിർമ്മിച്ച വ്യക്തിക്കാണ് നൽകിയിട്ടുള്ളത്.

2. ആനുകൂല്യം ലഭിച്ച താഴെ പറയുന്നവർക്ക് എഞ്ചിനീയർ/ ഓവർസീയറുടെ വാല്വേഷനേക്കാൾ കൂടുതൽ തുകയാണ് അനുവദിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | വാല്വേഷൻ പ്രകാരം | അനുവദിച്ച തുക | അധികം |
|---|---|---|---|
| മുഹമ്മദ്.കെ | 46967 | 57000 | 10033 |
| ഉണ്ണികൃഷ്ണൻ എ.വി | 43684 | 56000 | 12316 |
| ആകെ | | | 22349 |

3.പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 28/20.12.2023) മറുപടിയോടൊപ്പം പ്രോജക്ട് മോണിറ്ററിഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മുഹമ്മദ്.കെ, ഉണ്ണികൃഷ്ണൻ.എ.വി എന്നീ ഗുണഭോക്താക്കളുടെ പെട്ടിക്കട നിർമ്മിച്ച അനിൽ കുമാർ എന്ന വ്യക്തി നിർമ്മാണ ചിലവിനത്തിൽ ആവശ്യപ്പെട്ട തുക ഓവർസീയറുടെ വാല്യേഷൻ പ്രകാരം ഉള്ളതിനേക്കാൾ അധികമാണെന്നും ഇതിൽ അധികം വന്ന തുക നൽകാൻ സാമ്പത്തികമായി പിന്നോക്കമായ ഗുണഭോക്താക്കൾക്ക് സാധിക്കാത്തതിനാലാണ് ഗുണഭോക്താക്കളുടെ ആവശ്യ പ്രകാരം പെട്ടിക്കട നിർമ്മിച്ച അനിൽകുമാർ എന്ന വ്യക്തിക്ക് നിർമ്മാണച്ചിലവിനത്തിലെ തുക അനുവദിച്ചതെന്ന് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്. എന്നാൽ ഓവർസീയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ളതിനേക്കാൾ അധികമായി നൽകിയ തുകയുടെ ചെലവ് (പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)115/22 തസ്വഭവ 28.5.2022, ഖണ്ഡിക 2.9 (പൊതു നിബന്ധന), 6.5(എ)(13) എന്നിവ പ്രകാരം) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രോജക്ട് നടപ്പാക്കുമ്പോൾ ബാധകമായ സർക്കാർ മാർഗ്ഗനിർദ്ദശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും, വാല്യേഷനേക്കാൾ കൂടുതൽ അനുവദിച്ച 22349രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതുമാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4--1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-23 | 16-12-2023&<br>18-12-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1986/2023<br>തീയതി: 26.12.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 199985 | സമഗ്ര പാലിയേറ്റീവ് പരിചരണം 10/23 | 199985 | - |
| ടി | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് 22/23 | 600000 | - |
| ടി | 136000 | നെൽകൃഷി വികസനം198/23 | 136000 | - |
| ടി | 100000 | ലൈഫ് ഭവന പദ്ധതി 138/23 | 100000 | - |
| ടി | 100000 | പാലിന് ഇൻസെന്റീവ് 237/23 | 100000 | |
| ജില്ലാ പഞ്ചായത്ത് , കണ്ണൂർ | 100000 | സമഗ്ര പാലിയേറ്റീവ് പരിചരണം 10/23 | 100000 | |
| ടി | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് 22/23 | 200000 | - |
| ടി | 100000 | പാലിന് ഇൻസെന്റീവ് 237/23 | 100000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം /ഷെയർ | 20000 |
| തൻവർഷം നിക്ഷേപിച്ച തുക (പുതിയ നിക്ഷേപങ്ങൾ) | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

ഷെയറുകളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനം | തുക | നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ | 20000 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4414, തീയതി 24.03.2015 ബി ക്ലാസ് ഷെയർ |
| ആകെ ഷെയറുകൾ | | 20000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 14324/ രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ലഡ്ജർ, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ചാണ് തുകയുടെ കൃത്യത ഉറപ്പുവരുത്തിയിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 39 | 1246 | ശ്രീ.പി.കെ.കുഞ്ഞികൃഷ്ണൻ സെക്രട്ടറി | 1220102236/12.08.22 |
| 1999-00 | 11 | 6978 | | |
| 2000-01 | 6 | 600 | | |

| | | | | |
|---|---|---|---|---|
| 2000-01 | 12 | 5500 | | |
| ആകെ | | 14324 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 10 | 2003-04 | 157 | യൂണിഫോം തുണിത്തരങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നില്ല | പരാമർശം നിലനില്ക്കുന്നു |
| 1999-00 | 14 | 2003-04 | 163 | വീട് റിപ്പയർ-അനുവദനീയമല്ലാത്ത ചെലവ് | ,, |
| 2000-01 | 11 | 2003-04 | 169 | വനിത ഗ്രൂപ്പ് വ്യവസായ യൂണിറ്റ്- അധിക സബ്സിഡി നല്കൽ | ,, |
| 2000-01 | 14 | 2003-04 | 176 | അനധികൃത സബ്സിഡി നല്കൽ- അനുവദനീയമല്ല | ,, |
| ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും സംബന്ധിച്ച പ്രവർത്തനാവലോകന റിപ്പോർട്ട് [LF/KNR/B1/103/ 2014 Dt.20.02.14] | | 2013-14 | 5-1-5-2<br>5-1-5-8<br>5-1-5-14<br>5-1-5-11<br>5-1-5-12 | കുടിവെള്ള പദ്ധതികളിലെ അപാകങ്ങൾ | ,, |
| 2019-20 | 3.5 | 2014-15 | 27 | പ്രോജക്റ്റ് 29/11-12 കേരളോത്സവം- വൌച്ചർ സംബന്ധിച്ച് | ,, |
| 2019-20 | 1-27 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ(സിഎച്ച്സി) പദ്ധതികളിലെ അപാകങ്ങൾ | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 5,86,85,450 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,83,25,634 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | * |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 22,349 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 3214358 |

(*)ഓഡിറ്റ് എൻക്വയറി (നം.3/16-12-23) നല്കിയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിൽ₹9709/ പഞ്ചായത്തുഫണ്ടിൽ അടവാക്കി.

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 22349 | ശ്രീ.സിനൂപ്.സി.വി,വി.ഇ.ഒ (പിണറായി സർക്കിൾ) |
| ആകെ തുക | 22349 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര്/ ഉദ്യോഗപ്പേര് |
|---|---|---|
| 1-17 | 39500 | ശ്രീ.രാജീവൻ.സി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 177000 | ശ്രീ.സജീവൻ.സി.പി,സെക്രട്ടറി |
| 1-19 | 1352959 | ശ്രീ. സജീവൻ സി.പി., സെക്രട്ടറി |
| 1-21 | 100000 | ശ്രീമതി. രജനി. എം. വി, ICDS സൂപ്പർവൈസർ |
| 1-25 | 70000 | ശ്രീ.സിനൂപ്.സി.വി,വി.ഇ.ഒ(പിണറായി സർക്കിൾ) |
| 1-28 | 24200 | ശ്രീമതി. രജനി. എം. വി, ICDS സൂപ്പർവൈസർ |
| 1-29 | 96561 | ശ്രീമതി ജീവ എം.പി., ഹെഡ്മിസ്ട്രസ്സ് |
| 1-30 | 95800 | ശ്രീമതി ജീവ എം.പി., ഹെഡ്മിസ്ട്രസ്സ് |
| 1-32 | 24450 | ശ്രീ. അജീഷ് വി.വി, കൃഷി ഓഫീസർ |
| 1-34 | 65400 | ഡോ. ദിൽന കെ.പി, വെറ്ററിനറി സർജൻ |
| 1-35 | 18630 | ശ്രീ.അജീഷ്.വി.വി,കൃഷി ഓഫീസർ |
| 1-36 | 563050 | ശ്രീ.അജീഷ്.വി.വി,കൃഷി ഓഫീസർ |
| 1-37 | 20000 | ശ്രീ.അജീഷ്.വി.വി,കൃഷി ഓഫീസർ |
| 1-39 | 566808 | ശ്രീമതി. രജനി. എം. വി, ICDS സൂപ്പർവൈസർ |
| ആകെ | 3214358 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര്&ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.സജീവൻ.സി.പി,സെക്രട്ടറി | വിരമിച്ച | സൌപർണ്ണിക ചെറുമാവിലായി മാവിലായി പി.ഒ |
| ശ്രീ.അജീഷ്.വി.വി,കൃഷി ഓഫീസർ | കൃഷി ഓഫീസർ പിണറായി ഗ്രാമ പഞ്ചായത്ത് | കുന്നത്ത് ഹൌസ് ചെടിക്കോട് പി.ഒ.കാഞ്ഞിലേരി ശ്രീകണ്ഠാപുരം 670631 |
| ശ്രീ.രാജീവൻ .സി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി പിണറായി ഗ്രാമ പഞ്ചായത്ത് | നവനീതം, പി.ഒ.വടക്കമ്പാട് തലശ്ശേരി |
| ഡോ. ദിൽന കെ.പി<br>വെറ്റിനറി സർജൻ | അവധി | സ്നേഹ നിവാസ്, നെട്ടൂർ |
| ശ്രീ. സിനൂപ്.സി.വി<br>വി.ഇ.ഒ. പിണറായി സർക്കിൾ | വി.ഇ.ഒ. പിണറായി സർക്കിൾ | വിനായക, മുണ്ടലൂർ.പി.ഒ |
| ശ്രീമതി. രജനി. എം. വി<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ പിണറായി ഗ്രാമ പഞ്ചായത്ത് | കുപ്പോൽ<br>പി. ഒ പെരിങ്ങോം |
| ശ്രീമതി ജീവ എം.പി., ഹെഡ്മിസ്ട്രസ്സ് | AKGHSS, പിണറായി | ദേവികൃപ, മമ്പറം, കേളാലൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1404/2022 തീയതി 13.10.2022 | 1 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1404/2022 തീയതി 13.10.2022 | 2 |
| 2000-01 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1404/2022 തീയതി 13.10.2022 | 4 |
| 2011-12, 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/1404/2022 തീയതി 13.10.2022 | 2 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ /സി.7/771/2021 തീയതി. 24-8-2021 | 20 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ. /സി.7/772/2022 തീയതി. 3-9-2021 | 24 |

| | | |
|---|---|---|
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ./സി.7/54 /23തീയതി.20-3-2023 | 22 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 6/186/2023 dated 27-06-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pinarayi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pinarayi Grama Panchayat for the year 2022-2023

Date: 26/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Pinarayi Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit

A. Ratios B. Notes on account

2.Cash flow statement , Net increase/decrease in cash flow does not match with the difference between the opening and closing balance of cash and cash equivalents

3.The Asset register not maintained to support the Annual financial Statement.

4.The details of Expenditure of Block share in respect of the Project named Kannur Fight Cancer not included in the Annual Financial Statement.

5 Appropriation control register has not been maintained regarding amounts received from District Panchayat and Block

Panchayat for Joint Venture projects in Schedule B4 schedule,. Therefore, it is not clear for what purpose the amount kept for.

6.Rs.146,472 has been repaid through the GO Project this year despite not having any obligation to repay the loan related to Life Housing Scheme.

7. Grant liability amount shown as liability in balance sheet does not match with Bank Account opened for the specified grant account.

8.Rs 7000 rupees sanctioned to Ground Water Department for the year 2011-12 as per advance register has not been adjusted till date. No documents have been produced explaining the reason for non-adjustment of the amount.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| Pinarayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 38103085.00 |
| Cash | Cash | RP-40(a) | 35754.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1590750.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4295087.00 |
| 140000000 | Fees & User Charges | RP-4 | 3294568.00 |
| 150000000 | Sale & Hire Charges | RP-5 | 228604.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16872000.00 |
| 171000000 | Interest Earned | RP-9 | 1098546.00 |
| 190000000 | Prior Period Income | RP-11 | 15310.00 |
| 311000000 | Earmarked Funds | RP-28 | 12847.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16769243.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11772235.00 |
| 460000000 | Loans, Advances and Deposits | RP-49 | 375537.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 14324.00 |
| 340000000 | Deposits Received | RP-33 | 795395.00 |
| 350000000 | Other Liabilities | RP-35 | 1551004.00 |
| | Grand total | | 96824289.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 5924.00 |
| 230000000 | Operations & Maintenance | RP-14 | 14309.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 844262.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2109274.00 |
| 460000000 | Loans, Advances and Deposits | RP-49 | 1883943.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 600547.00 |
| 350000000 | Other Liabilities | RP-35 | 42867375.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 48449659.00 |
| Cash | Cash | RP-40(b) | 48996.00 |
| | Grand Total | | 96824289.00 |

Pinarayi Grama Panchayat RECEIPT & PAYMENT STATEMENT

| Pinarayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6689606.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4377650.00 |
| 140000000 | Fee & User Charges | I-4 | 3909318.00 |
| 150000000 | Sale & Hire Charges | I-5 | 233504.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 269261830.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1098546.00 |
| 180000000 | Other Income | I-9 | 18824.00 |
| 190000000 | Prior Period Income | I-19 | 20774.00 |
| | Total Income | | 285589278.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14067187.00 |
| 220000000 | Administrative Expenses | I-11 | 1275604.00 |
| 230000000 | Operations & Maintenance | I-12 | 2411973.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8522432.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35913319.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7236043.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 33942700.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 76229900.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 10354144.00 |
| | Total Expenditure | | 189953951.00 |
| | Gross Surplus / Deficit of income over Expenditure | | 95635327.00 |
| | Gross Surplus / Deficit of income over Expenditure | | 95610163.00 |
| 290000000 | Transfer to Reserve Funds/Prior Period | I-18 | -45938.00 |

| | | | |
|---|---|---|---|
| | Item(ILGMS) | | |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -25164.00 |

| Pinarayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 149184899.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8599.00 |
| 312000000 | Reserves | B-3 | 55546843.00 |
| | Total Reserve & Surplus | | 204740341.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7742890.00 |
| | Total Grants, Contributions for Specific Purposes | | 7742890.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 997083.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2272076.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3269159.00 |
| | TOTAL LIABILITIES | | 215752390.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2038181.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 553752.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11292178.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 187351597.00 |
| 416000000 | Accumulated Depreciation | B-11(a) | -38857585.00 |
| | Total Fixed Assets | | 162378123.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2109274.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 48498655.00 |
| 460000000 | Loans, Advances and Deposits | B-18 | 2746338.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 53354267.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 215752390.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.